"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണത്തിന്റെ 25 വർഷത്തെ അധികാര വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള "സംഗമം" സംഘടിപ്പിക്കുന്നതിലേക്ക് പ്രത്യേക ധനസഹായമായി കിലയ്ക്ക് ഒരു കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.2404/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/12/2020

---

പരാമർശം:- 1 കില ഡയറക്ടർ ജനറലിന്റെ 09.09.2020-ലെ കില/2018/101/5914 നമ്പർ കത്ത്.

2 ധനകാര്യ (ബ.വി.-ജെ) വകുപ്പിന്റെ 14.10.2020-ലെ 1590296/ബ.വി.ജെ.2/23/2020/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്

## ഉത്തരവ്

2020-21 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിലെ 68, 69 ഖണ്ഡികകൾ പ്രകാരം ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടക്കുന്നതിനോടനുബന്ധിച്ച് 'കഴിഞ്ഞ 25 വർഷത്തെ അധികാര വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള' വിപുലമായ ഒരു "സംഗമം" സംഘടിപ്പിക്കുന്നതിലേക്ക് പ്രത്യേക ധനസഹായമായി കിലയ്ക്ക് നൽകുമെന്ന് പ്രഖ്യാപിച്ച ഒരു കോടി രൂപ '2515-003-99-00-36-00-Grant in Aid - Non Salary (P-V)' എന്ന ശീർഷകത്തിൽ നിന്നും കിലയ്ക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കില ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ വർഷം 2515-003-99-00-36-00-Grant-in-Aid-Non Salary (PV) ശീർഷകത്തിൽ സെമിനാറുകൾക്ക് വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപയ്ക്ക് (Component 3.2 of Plan Write-up) പകരമായാണ് ടി തുക നൽകുന്നതെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ 'കഴിഞ്ഞ 25 വർഷത്തെ അധികാര വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള' വിപുലമായ ഒരു "സംഗമം" സംഘടിപ്പിക്കുന്നതിന്, കിലയ്ക്ക് പ്രത്യേക ധനസഹായമായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**അഡിഷണൽ സെക്രട്ടറി**

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

# File No.LSGD-IB2/156/2020-LSGD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം
ധനകാര്യ (ബ.വി.-ജെ) വകുപ്പ് (1613356/Dev-3/108/20-Fin dt.02.12.2020 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Anjilal

സെക്ഷൻ ഓഫീസർ.